നെല്ല് ഉൽപ്പാദനത്തിലെ വർദ്ധനവ്

153 (T*3124) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നടപ്പു വർഷം നെല്ല് ഉൽപ്പാദനം എത്ര ശതമാനം വർദ്ധിച്ചു എന്ന കാര്യം വിശദമാക്കാമോ?

ഉത്തരം

2012-13-ലെ നെല്ലുൽപ്പാദനം 508299 മെട്രിക് ടണ്ണും, 2013-14-ലെ നെല്ലുൽപ്പാദനം 564325 മെട്രിക് ടണ്ണുമാണ്. 2014-15-ലെ സ്ഥിതിവിവര കണക്കുകൾ ശേഖരിച്ച് വരുന്നതിനാൽ പ്രസിദ്ധീകരിച്ചിട്ടില്ല.

തരിശായി കിടക്കുന്ന കൃഷി ഭൂമി

154 (3126) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി ഭൂമി തരിശായി കിടക്കുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ തരിശായി കിടക്കുന്ന ഭൂമികൾ കണ്ടെത്തുവാനും അത് സംബന്ധിച്ച ഒരു ഡാറ്റാ തയ്യാറാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) തരിശുഭൂമി സംബന്ധിച്ച കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തി എന്നതിന്റെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2008-ലെ നെൽവയൽ തണ്ണീർത്തട ആക്ട് അനുസരിച്ച് മറ്റാവശ്യങ്ങൾക്കായി നെൽവയൽ ഉപയോഗിക്കുന്നത് തടയാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തരിശുനിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 13 ജില്ലകളിൽ (വയനാട് ഒഴികെ) 1550 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 11500 രൂപ സബ്സിഡി നിരക്കിൽ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

178.25 ലക്ഷം രൂപയും 13-ാം ധനകാര്യകമ്മീഷന്റെ കട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലായി 255.802 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 30000 രൂപ സബ്സിഡി നിരക്കിൽ 76.738 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. (ആകെ 254.99 ലക്ഷം രൂപ തരിശുനെൽകൃഷി വികസനത്തിനായി വകയിരുത്തിയിട്ടുണ്ട്.)

കൃഷിഭൂമി തരിശായി കിടക്കുന്നത് ഒഴിവാക്കി കൃഷിയോഗ്യമാക്കുന്നതിനും കൃഷി നടത്തുന്നതിനുമായി 2014-15-ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം നടപടി സ്വീകരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുപ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം നൽകിവരുന്നു. ഒരു ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആകെ 30000 രൂപ ധനസഹായമായി നൽകിവരുന്നു. ഇതിൽ 5000 രൂപ ഭൂമിയുടെ ഉടമസ്ഥനും 25000 രൂപ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകനും ലഭിക്കും. പദ്ധതി പ്രകാരം 500 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുവരെ 441.582 ഹെക്ടർ തരിശുനിലത്തിൽ ഈ പദ്ധതി പ്രകാരം കൃഷിയിറക്കിക്കഴിഞ്ഞു. ബാക്കി തരിശുഭൂമിയിൽ കൃഷിയിറക്കാനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

(ബി) 2008-ലെ നെൽവയൽ തണ്ണീർത്തടസംരക്ഷണ നിയമപ്രകാരമുള്ള നെൽവയലുകളുടെ ഡാറ്റാ ബാങ്ക് എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിലും റവന്യൂ വകുപ്പും കൃഷി വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. കൃഷി ഭവൻ മുഖേനയുള്ള പ്രാദേശികതല വിവരശേഖരണത്തിലൂടെ തരിശുനിലങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ട്.

(സി) കേരളത്തിലെ തരിശുനിലങ്ങളുടെ വ്യാപ്തി ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

ജില്ല	വിസ്തീർണ്ണം (ഹെക്ടർ)
(1)	(2)
തിരുവനന്തപുരം	379.32
കൊല്ലം	5000
പത്തനംതിട്ട	2460.36
ആലപ്പുഴ	3652.57
കോട്ടയം	2315
ഇടുക്കി	1000
എറണാകുളം	7600

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
തൃശ്ശൂർ	2432
പാലക്കാട്	1825.122
മലപ്പുറം	1969.9
കോഴിക്കോട്	3907
വയനാട്	833
കണ്ണൂർ	1103.5
കാസർഗോഡ്	2209
ആകെ	36686.772

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശുഭൂമി ഏറ്റെടുത്ത് കൃഷി നടത്തിയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

വിളയിതര പച്ചക്കറികൾ

155 (3127) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ വീട്ടുവളപ്പുകൾ വിളയിതര പച്ചക്കറികളുടെ കലവറയാണെന്ന ശാസ്ത്രീയ പഠനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പച്ചക്കറികളുടെ ഉപയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

കേരളത്തിലെ വീട്ടുവളപ്പുകളിൽ നാടൻ പച്ചക്കറികൾ ഉൾപ്പെടെ വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുവരുന്നുണ്ട്. ഇത് സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറികളിലെ നാടൻ ഇനങ്ങൾ കണ്ടെത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷം 25 പ്രദർശനത്തോട്ടങ്ങൾ ഒരുക്കിയിരുന്നു. 2013-14 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലും മേന്മയേറിയ നാടൻ ഇനങ്ങളുടെ 20 പ്രദർശന തോട്ടങ്ങൾ ഒരുക്കുകയും മികച്ച ഇനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. നിത്യവഴുതന, പട്ടുചീര, നാടൻ പയർ എന്നീ പച്ചക്കറി ഇനങ്ങളുടെ വിത്തുകൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly